**"ഭരണഭാഷ മാതൃഭാഷ"**

ഡി.സി.എ/625/2025/എ.ഡി (2)    സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തീയതി : 15.05.2025

**സർക്കുലർ നം. 04/2025(1)**

**വിഷയം- സഹകരണ വകുപ്പ് - ആഡിറ്റ് ഡയറക്ടറേറ്റ് - കേരള ബാങ്ക് അഡ്മിനിസ്ട്രേറ്റീവ് ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നത് - സംബന്ധിച്ച്.**

സൂചന- 1. ഈ ഓഫീസിൽ നിന്നും പുറപ്പെടുവിച്ച 24.04.2024 ലെ 01/2024 നമ്പർ സർക്കുലർ.
2. ഈ ഓഫീസിൽ നിന്നും പുറപ്പെടുവിച്ച 27.01.2025 ലെ 02/2025 നമ്പർ സർക്കുലർ

കേരള ബാങ്കിന്റെ അഡ്മിനിസ്ട്രേറ്റീവ് ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സൂചന (1), 2) എന്നിവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങളിൽ താഴെ പറയുന്ന ഭേദഗതി വരുത്തി നിർദ്ദേശം പുറപ്പെടുവിക്കുന്നു.

1. സൂചന (1) പ്രകാരം പുറപ്പെടുവിച്ച മാർഗരേഖയിൽ വായ്പാ ഫയലുകളിൽ മെയിൻ ബ്രാഞ്ച് ഉൾപ്പെടെ ഓഡിറ്റ് മെട്രിക്സ് പ്രകാരമുള്ള പൂർണ്ണ പരിശോധന നടത്തുന്ന മുഴുവൻ ബ്രാഞ്ചുകളുടെയും 10 ലക്ഷത്തിന് മുകളിലുള്ള വായ്പകളുമായി ബന്ധപ്പെട്ട വായ്പ ഫയലുകളുടെ മുഴുവൻ പരിശോധനയെന്നത് 15 ലക്ഷത്തിന് മുകളിലുള്ള വായ്പകളുമായി ബന്ധപ്പെട്ട വായ്പ ഫയലുകളുടെ മുഴുവൻ പരിശോധനയെന്നാക്കി ഭേദഗതി വരുത്തുന്നു.
2. സൂചന (2) സർക്കുലറിലെ രണ്ടാമത്തെ നിർദ്ദേശത്തിൽ "10 ലക്ഷമോ അധികമോ ആയി നല്കിയിട്ടുള്ള വായ്പകളുടെ പരിശോധന" എന്നത് "15 ലക്ഷമോ അതിലധികമോ ആയി നല്കിയിട്ടുള്ള വായ്പകളുടെ പരിശോധന" എന്ന് ഭേദഗതി വരുത്തുന്നു.

മുകളിൽ പ്രതിപാദിച്ചിട്ടുള്ള ഭേദഗതികൾ 2024-2025 സാമ്പത്തിക വർഷം മുതലുള്ള കേരള ബാങ്കിന്റെ അഡ്മിനിസ്ട്രേറ്റീവ് ഓഡിറ്റിന്റെ ഭാഗമായി ഓഡിറ്റ് പരിശോധനയിൽ ഉൾപ്പെടുത്തേണ്ടതാണ്. മേൽ സർക്കുലറുകളിലെ മറ്റ് വിഷയങ്ങൾക്ക് മറ്റൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ മാറ്റം ഉണ്ടായിരിക്കുന്നതല്ല.

ഒപ്പ്
ഷെറിൻ എം.എസ് ഐഎ&എഎസ്
ഡയറക്ടർ (സഹകരണ ഓഡിറ്റ് )

പകർപ്പ് -

1. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
2. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും
3. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
4. എല്ലാ ജില്ല ജോയിന്റ് ഡയറക്ടർ/കൺകറന്റ് ഓഡിറ്റർമാർക്കും
5. എല്ലാ അപ്പക്സ് ഓഡിറ്റർമാർക്കും

6. എല്ലാ താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും ഇൻസ്പെക്ടർമാർക്കും (ജോയിന്റ് രജിസ്ട്രാർ മുഖേന)
7. എല്ലാ താലൂക്ക് അസിസ്റ്റന്റ് ഡയറക്ടർമാർക്കും ഓഡിറ്റർമാർക്കും (ജോയിന്റ് ഡയറക്ടർമാർ മുഖേന)
8. എല്ലാ കൺകറന്റ് ഓഡിറ്റർമാർക്കും (താലൂക്ക് അസിസ്റ്റന്റ് ഡയറക്ടർമാർ മുഖേന)
9. സ്റ്റോക്ക് ഫയൽ
10. വെബ് സൈറ്റ്

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി ഡയറക്ടർ